വരും. മറ്റൊരു പ്രൊപ്പോസലാണ് നോർത്ത്-സൗത്ത് എക്സ്പ്രസ് ഹൈവേ. അതിനാവശ്യമായ പൊതുജനാഭിപ്രായം സംസ്ഥാനത്ത് വളർത്തിയെടുക്കണം. ഇത് നിലവിൽ വന്നാൽ കാസർകോട്-തിരുവനന്തപുരം 17 മണിക്കൂർ എന്നത് 6 മണിക്കൂറായി ചുരുങ്ങും. മലേഷ്യയിൽ പോയപ്പോൾ മുഖ്യമന്ത്രിക്ക് നേരിട്ട് ബോദ്ധ്യം വന്നതാണ്. നോർത്ത്-സൗത്ത് എക്സ്പ്രസ് ഹൈവേയാണ് മലേഷ്യയുടെ വികസനത്തിന് അടിസ്ഥാനമായി നിൽക്കുന്നത്. റോഡ് വികസനത്തിൽ ജനങ്ങളുടെ പുനരധിവാസവും നഷ്ടപരിഹാരം നൽകലും അനിവാര്യമാണ്.

ശ്രീ. രാജു എബ്രഹാം : കേന്ദ്രമന്ത്രി നാഷണൽ ഹൈവേയിൽ റബ്ബ റൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കാമെന്ന് ഉറപ്പ് നല്കിയതായി പറഞ്ഞു. കഴിഞ്ഞ ദിവസം അറിയാൻ കഴിഞ്ഞത് വിദേശത്തുനിന്നും ഉപയോഗശൂന്യമായ ടയർ പൊടിച്ച് ബിറ്റുമിൻ ടാറുണ്ടാക്കി ഇൻഡ്യക്കകത്ത് ഇറക്കുമതി ചെയ്യാൻ പോകുന്നുവെന്നാണ്. ഉത് ഗൗരവമായെടുത്ത് ഈ നീക്കം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി.ജെ.ജോസഫ് : ഇങ്ങനെ ചില വാർത്തകൾ വന്നിരുന്നു. നമ്മുടെ നാചറൽ റബ്ബർതന്നെ ഉപയോഗിക്കണമെന്നും ഇതിൽ ഇറക്കുമതി പാടില്ലെന്നുമുള്ള ശക്തമായ നിലപാട് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു).

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കൊല്ലം-തേനി നാഷണൽ ഹൈവേ

4 (*94) ശ്രീ.പി.കെ. അബ്ദുറബ്ബ് :
ശ്രീ.ചെർക്കളം അബ്ദുള്ള :
ശ്രീ.സി.ടി.അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട കൊല്ലം-തേനി നാഷണൽ ഹൈവേയുടെ റൂട്ട് നിശ്ചയിച്ച് സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ ഇതിനായി നിർദ്ദേശിച്ച റൂട്ട് ഏതാണ്;

(ഡി) എം.സി. റോഡിന്റെ കൊട്ടാരക്കര-കോട്ടയം ഭാഗം നിർദ്ദിഷ്ട ഹൈവേയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിരുന്നോ;

(ഇ) ഈ ആവശ്യം അംഗീകരിച്ചാൽ എം.സി. റോഡ് മൊത്തത്തിൽ നാഷണൽ ഹൈവേ ആക്കണമെന്ന ആവശ്യം അംഗീകരിക്കാൻ തടസ്സം വരുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

LIBRARY ARCHIVES Kerala Legislative Assembly

(എ-ഇ) കേന്ദ്ര ഗവൺമെന്റിന്റെ ഒക്ടോബർ 12-ലെ വിജ്ഞാപനം പ്രകാരം ദേശീയപാത 220 എന്ന നമ്പരിൽ കൊല്ലം മുതൽ തേനി ജംഗ്ഷൻ വരെയുള്ള റോഡ് നാഷണൽ ഹൈവേയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ റൂട്ട് നിശ്ചയിക്കപ്പെട്ടിട്ടില്ല. ഈ ഹൈവേയ്ക്ക് വേണ്ടി സംസ്ഥാന സർക്കാർ പ്രത്യേക റൂട്ടുകളൊന്നും നിർദ്ദേശിച്ചിട്ടില്ല.

അനാഥാലയങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ്

5(*95)ശ്രീ.ഇസ്ഹാക്ക് കുരിക്കൾ :

ശ്രീ.സി.മോയിൻ കുട്ടി :

ശ്രീ.നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് ഇപ്പോൾ നൽകുന്ന പ്രതിമാസ ഗ്രാന്റ് എത്ര രൂപ വീതമാണ്;

(ബി) ഈ സംഖ്യ എന്നു മുതലാണ് പ്രാബല്യത്തിൽ വന്നത്;

(സി) നിലവിലുള്ള പ്രതിമാസ ഗ്രാന്റ് വർദ്ധിപ്പിക്കണമെന്നആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ഇ) ഗ്രാൻറ് തുക ഏത് കാലയളവുവരെയുള്ളത് വിതരണം ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(എഫ്) ഈ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ജി) കുടിശ്ശിക തുക എന്നത്തേക്ക് കൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) 100 രൂപ.

(ബി) 24-2-1996 മുതൽ.

(സി,ഡി) ഉണ്ട്. ഉക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) 1998-99 വരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്. (ഒരു ഓർഫനേജ് ഒഴിച്ച്)

(എഫ്) 5,10,00,000/- രൂപ.

(ജി) ധനലഭ്യത അനുസരിച്ച് കുടിശ്ശിക തുക വിതരണം ചെയ്യുന്നതാണ്.

കുട്ടികളുടെ നേരെയുള്ള പീഡനങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരെ നടപടി

6(*96)ശ്രീ. എം.നാരായണൻ (കുഴൽമന്ദം) :

ശ്രീ.ജോൺ ഫെർണാണ്ടസ് :

ശ്രീ.എ.അലി ഹസ്സൻ :

ശ്രീ.എൻ.കണ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly